പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18/10/2011-ൽ മറുപടി
ചോദ്യം നം: 4028 നല്കേണ്ടിയിരുന്നത്

മൂന്നാർ കൈയേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാർ കൈയേറ്റം ഒഴിപ്പിക്കൽ നടപടികളുടെ പുരോഗതി വിശദീകരിക്കാമോ ; | (എ) ഇടുക്കി ജില്ലയിൽ മൂന്നാർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സർക്കാർ വക ഭൂമിയിൽ അനധികൃത കൈയേറ്റം നടത്തിയവർക്ക് സ്ഥലം ഒഴിഞ്ഞുപോകുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച സമയപരിധി അവസാനിച്ച 11/07/2011 മുതൽ ആരംഭിച്ച കൈയേറ്റം ഒഴിപ്പിക്കൽ നടപടികളുടെ ഭാഗമായി ഇതുവരെ ആകെ 1908.81 ഏക്കർ ഭൂമി (772.48 ഹെക്ടർ) ഒഴിപ്പിച്ചെടുത്ത് സർക്കാർ അധീനതയിൽ സൂക്ഷിക്കുന്നുണ്ട്. ഇതിൽ മൂന്നാർ ഉൾപ്പെടുന്ന കെ.ഡി.എച്ച്. വില്ലേജിൽ മാത്രം 5 കേസുകളിലായി 184.02 ഏക്കർ ഉൾപ്പെടെ ദേവികുളം താലൂക്കിൽ 410.66 ഏക്കർ ഭൂമിയും, ചിന്നക്കനാൽ വില്ലേജിലെ 12 കേസുകളിലായി 481.38 ഏക്കർ ഉൾപ്പെടെ ഉടുമ്പൻചോല താലൂക്കിൽ 552.38 ഏക്കറും, പീരുമേട് താലൂക്കിലെ വാഗമൺ വില്ലേജിലെ 780.3 ഏക്കറുൾപ്പെടെ 940.67 ഏക്കറും, തൊടുപുഴ താലൂക്കിൽ 5.1 ഏക്കറും ആണ് നിലവിൽ ഒഴിപ്പിച്ചെടുത്തിട്ടുള്ളത്. മുൻ സർക്കാരിന്റെ കാലത്ത് തിരിച്ചുപിടിച്ചതും ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിലെ പാർവ്വതി മലയിലും പള്ളിവാസൽ വില്ലേജിലെ പുലിപ്പാറയിലും വീണ്ടും കൈയേറ്റങ്ങൾ കണ്ടെത്തുകയുണ്ടായതുൾപ്പെടെ ഒട്ടാകെ 188.23.33 ഹെക്ടറും, കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിലെ ബ്ലോക്ക് 6, റീസർവ്വെ 1ൽപ്പെട്ട 250 ഏക്കർ ചിന്നക്കനാൽ പഴയ സർവ്വെ 495, 532, 540, 541 എന്നിവയിലെ 2.80 ഏക്കർ എന്നിവയിൽ വീണ്ടും കൈയേറ്റം ശ്രദ്ധയിൽപ്പെടുകയും ടി ഭൂമികൾ ഒഴിപ്പിച്ചെടുക്കുകയും ചെയ്തു. ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ കേരള സർക്കാർ വക |

| | |
|---|---|
| | എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ളതും കൈയേറ്റ സാദ്ധ്യതയുള്ള പ്രദേശങ്ങൾ നിരന്തരം പരിശോധിക്കുന്നതിനും അതാത് വില്ലേജ് ഓഫീസർമാരേയും, സ്പെഷ്യൽ ആർ.ഐ.മാർ, സെക്ടർ ഓഫീസർമാർ എന്നിവരെയും ചുമതലപ്പെടുത്തി നടപടിക്രമം ആയിട്ടുള്ളതും അതതു താലൂക്കിലെ അഡീഷണൽ തഹസീൽദാർമാരുടെ നേതൃത്വത്തിൽ പ്രത്യേക സംഘം അനധികൃത കൈയേറ്റങ്ങൾ സംബന്ധിച്ച് നിരന്തരം പരിശോധന നടത്തുന്നതും കൈയേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻ ഒഴിപ്പിക്കൽ നടപടികൾ നിയമാനുസൃതം നടത്തുന്നുണ്ട്. ടി നടപടിക്ക് റവന്യൂ ഡിവിഷണൽ ഓഫീസർമാർ മേൽ നോട്ടം വഹിച്ചുകൊണ്ടിരിക്കുന്നതുമാണ്. കൈയേറ്റം ശ്രദ്ധയിൽപ്പെട്ടാൽ കെ.എൽ.സി.ആക്റ്റ് 2009 പ്രകാരം കേസ് എടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. ഒഴിപ്പിക്കൽ പുരോഗതി സംബന്ധിച്ച വിശദമായ കണക്ക് അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (ബി) എത്ര ഹെക്ടർ ഭൂമി കൂടി ഒഴിപ്പിക്കാനുണ്ടെന്ന് .വ്യക്തമാക്കാമോ ? | (ബി) കോടതി കേസുകൾ മൂലവും മറ്റു കാരണങ്ങളാലും ഇനിയും കൈയേറ്റം ഒഴിപ്പിക്കുവാനുള്ള കേസ്സുകളുടെ ലിസ്റ്റ് അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്